Te Tari Matawaka
Office of Ethnic Communities

ഓഫീസ് ഓഫ് എത്നിക് കമ്മ്യൂണിറ്റീസ് കോവിഡ്-19 സരേ അവതരിപ്പിക്കുന്നു

- ഓഫീസ് ഓഫ് എത്നിക് കമ്മ്യൂണിറ്റീസ് ഔട്ടേറോവ ന്യൂസീലന്ഡിന്റെ വിവിധ ഭാഗങ്ങളിലുള്ള് എത്നിക് കമ്മ്യൂണിറ്റികളില് നിന്നുള്ള ആളുകളോട് കോവിഡ്-19 മൂലം അവര് അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ സംബന്ധിച്ച അവരുടെ വീക്ഷണങ്ങളും അനുഭവങ്ങളും ആശങ്കകളും പങ്കുവയ്ക്കാന് ആവശ്യപ്പെടുകയാണ്.
- കോവിഡ്-19 മൂലം സമൂഹത്തില് ഇപ്പോള് തന്നെ നിലനില്ക്കുന്ന അസമത്വങ്ങള് രൂക്ഷമാക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. തൊഴിലിനു മേലുള്ള പ്രഭാവങ്ങള് ഉള്പ്പെടെയുള്ള ചില അടിയന്തിര പ്രഭാവങ്ങള് പരക്കെ അറിവുള്ളതാണ്; എന്നാല് എത്നിക് കമ്മ്യൂണിറ്റികളുടെ വീക്ഷണങ്ങളും ആശങ്കകളും മഹാമാരിയോടുള്ള സര്ക്കാരിന്റെ പ്രതികരണത്തെ രൂപപ്പെടുത്തുന്നത് തുടരുന്നതാണ് എന്ന് ഉറപ്പുവരുത്താന് ഞങ്ങള് ആഗ്രഹിക്കുന്നു.
- കോവിഡ്-19 മഹാമാരിയുമായുള്ള ബന്ധത്തില് എത്നിക് കമ്മ്യൂണിറ്റികളുടെ ആനുഭവങ്ങളുടെയും ആശങ്കകളുടെയും ഒരു ഛായാപടം ഒപ്പിയെടുക്കുന്നതിനായി ഓഫീസ് ഓഫ് എത്നിക് കമ്മ്യൂണിറ്റീസ് ഒരു സരേ രൂപകല്പ്പന ചെയ്തിട്ടുണ്ട്.
- ഈ സരേയില് പ്രദാനം ചെയ്യപ്പെടുന്ന വിവരങ്ങള് അജ്ഞാതനാമകവും, ഡിപാര്ട്ട്മെന്റ് ഓഫ് ഇന്റേണല് അഫയേഴ്സിന്റെ ഒരു ഭാഗമായ ഓഫീസ് ഓഫ് എത്നിക് കമ്മ്യൂണിറ്റീസ് ഗവേഷണ ഉദ്ദേശ്യങ്ങള്ക്കായി ഉപയോഗിക്കുന്നതുമാണ്.
- സരേ 2021 ഫെബ്രുവരി 26 വെള്ളിയാഴ്ച്ച മുതല് ഏപ്രിൽ 23 വെള്ളിയാഴ്ച്ച വരെ തുറന്നിരിക്കുന്നതാണ്.
- സരേ പൂര്ത്തിയാക്കാന് ആരുടെയും സഹായം താങ്കള്ക്ക് ആവശ്യപ്പെടാവുന്നതാണ്.
- ഓണ്ലൈന് സരേ പ്രാപ്യമാക്കാന് ദയവായി ചുവടെ പറയുന്ന ലിങ്കില് ക്ലിക്ക് ചെയ്യുക: https://www.surveymonkey.com/r/OECCOVID-19SurveyMIN

ഈ സന്ദേശം ട്രാന്സ്ലേഷന് സര്വീസസ്, ഡിപാര്ട്ട്മെന്റ് ഓഫ് ഇന്റേണല് അഫയേഴ്സ് പരിഭാഷപ്പെടുത്തിയിട്ടുള്ളതും, മള്ട്ടിലിംഗ്വല് ഇന്ഫര്മേഷന് നെറ്റ്വര്ക്ക് പങ്കുവച്ചിട്ടുള്ളതുമാണ്. നെറ്റ്വര്ക്കിനെ

കുറിച്ചുള്ള കൂടുതല് വിവരങ്ങള്ക്ക് ഓഫീസ് ഓഫ് എത്നിക് കമ്മ്യൂണിറ്റീസ് വെബ്സൈറ്റ് സന്ദര്ശിക്കുക.